# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1307 21.03.2013 – ൽ മറുപടിക്ക്

## ദേശീയപാതകളിലെ നിർമ്മാണം മുടങ്ങിക്കിടക്കുന്ന ബൈപ്പാസുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. കെ. ശശീന്ദ്രൻ : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതു മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ ദേശീയപാതകളിലെ നിർമ്മാണം മുടങ്ങിക്കിടക്കുന്ന ബൈപ്പാസുകൾ ഏതെല്ലാമെന്നു വ്യക്തമാക്കുമോ ; | (എ) & (ബി) ദേശീയപാത വിഭാഗത്തിന്റെ പരിധിയിൽ കേരളത്തിൽ കോഴിക്കോട്, (തലശ്ശേരി - മാഹി), ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ ബൈപ്പാസുകളാണ് ഇനി നിർമ്മിക്കാനായി പരിഗണനയിൽ ഉള്ളത്. ഇവയുടെ പ്രവൃത്തികൾ ഭാഗികമായി കേരള പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗം നടപ്പാക്കിയിട്ടുണ്ട്. എന്നാൽ ഇവയുടെ പൂർത്തീകരണം (നാലു വരിയാക്കൽ) എൻ. എച്ച്. എ. ഐ മുഖാന്തിരം ദേശീയ പാതാ വികസന പദ്ധതി പ്രകാരം നടപ്പിലാക്കാൻ നിശ്ചയിച്ചിരിക്കുന്നതിനാൽ ഇവയുടെ ബാക്കി പ്രവൃത്തികൾ എൻ. എച്ച്. എ. ഐ ആണ് ചെയ്യേണ്ടത്. ഇവയുടെ പൂർത്തീകരണം ത്വരിതഗതിയിലാക്കുന്നതിനായി സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കുന്നതിന് സർക്കാർ തലത്തിൽ ആവശ്യമായ സഹായസഹകരണങ്ങൾ ലഭ്യമാക്കുകയും അവലോകന മീറ്റിംഗുകൾ നടത്തുകയും ചെയ്യുന്നുണ്ട്. |
| (ബി) ഇതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ ; | |

| | | | |
|---|---|---|---|
| (സി) | ഇവയുടെ നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണു സ്വീകരിക്കുന്നതെന്നു വ്യക്തമാക്കുമോ ; | (സി) | ആലപ്പുഴ-കൊല്ലം ബൈപ്പാസുകൾ അടിയന്തിരമായി പൂർത്തിയാക്കുവാൻ നിർമ്മാണ ചെലവിന്റെ 50% സംസ്ഥാന സർക്കാർ വഹിക്കുവാൻ തീരുമാനിക്കുകയും അതനുസരിച്ച് തുടർ നടപടികൾ തുടങ്ങിക്കഴിഞ്ഞു. തിരുവനന്തപുരം ബൈപ്പാസിന്റെ കഴക്കൂട്ടം മുതൽ കോട്ടുകാൽ വരെ 26.5 കി. മീ. ദൂരം സ്റ്റാന്റ് എലോൺ പ്രോജക്റ്റായി പൂർത്തീകരിക്കുവാനുള്ള അനുവാദം കേന്ദ്രമന്ത്രാലയം നാഷണൽ ഹൈവേ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. പണി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മറ്റ് ബൈപ്പാസുകൾ ദേശീയ പാതാ വികസന (NHDP) പദ്ധതിയോടൊപ്പം നടപ്പിലാക്കുന്നതാണ്. |
| (ഡി) | കോഴിക്കോട് ജില്ലയിൽ പൂളാടിക്കുന്ന് മുതൽ വെങ്ങളം വരെയുള്ള ബൈപ്പാസ് നിർമ്മാണം എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്നു വ്യക്തമാക്കുമോ ? | (ഡി) | ദേശീയപാത വികസന പദ്ധതിയിൽപ്പെട്ട ഈ റോഡിന്റെ നിർമ്മാണം ദീർഘകാലമായി മുടങ്ങിക്കിടക്കുന്നതിനാൽ ഈ ബൈപ്പാസിന്റെ നിർമ്മാണ ചെലവിന്റെ 50% , സർക്കാർ വഹിക്കാമെന്ന നിബന്ധനയിൽ ഉടൻ പ്രവൃത്തി ആരംഭിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ